വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്തിന് ലഭിച്ച തുക

66 [5941] ശ്രീ. വി. ബാലറാം:

,, തേറമ്പിൽ രാമകൃഷ്ണൻ:

,, എ. കെ. മണി:

,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രധാനമന്ത്രിയുടെ സഡക് യോജന, റോസ്ഗാർ യോജന, നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചറർ ഡവലപ്പ്മെന്റ് ഫണ്ട് എന്നിവയിൽ നിന്നും ഇതുവരെ ഒട്ടാകെ എന്ത് തുക സംസ്ഥാനത്തിന് ലഭിച്ചു;

(ബി) ഈ പദ്ധതികൾ മുഖേന ഇന്ത്യയിലാകമാനം നൽകിയിട്ടുള്ള തുകയുടെ എത്ര ശതമാനമാണ് സംസ്ഥാനത്തിന് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് ഒരു റിവ്യൂ നടത്തിയിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്തിന് കിട്ടിയത് എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ;

(സി) ഇതേപ്പറ്റി ഒരു റിവ്യൂ നടത്തുകയും ഈയിനത്തിൽ കിട്ടിയിട്ടുള്ള തുക ആനുപാതികമായി കുറഞ്ഞിട്ടുള്ളപക്ഷം അതിനുള്ള കാരണങ്ങൾ മനസ്സിലാക്കാൻ നടപടിയെടുക്കുകയും ചെയ്യുമോ?

ഉത്തരം

(എ) 2000-2001 വർഷം മുതൽ നാളിതുവരെ പ്രധാനമന്ത്രിയുടെ ഗ്രാമീൺ സഡക് യോജന പ്രകാരം 58.79 കോടി രൂപയും നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചറർ ഡവലപ്പ്മെന്റ് ഫണ്ട് പ്രകാരം 46.2045 കോടി രൂപയും സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന പ്രകാരം 189.831 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചു.

(ബി) ഇല്ല.

(സി) പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന പ്രകാരം സംസ്ഥാനത്തിന്റെ വിഹിതം മറ്റു ചില സംസ്ഥാനങ്ങളെ അപേക്ഷിച്ച് കുറവാണ്. കേരളത്തിന്റെ വിഹിതം സംസ്ഥാനത്ത് ഉപയോഗിക്കുന്ന ഡീസലിന്റെ തോതനുസരിച്ച് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

വിവിധ പദ്ധതികളിലൂടെ നിർമ്മിച്ച ഗ്രാമീണ റോഡുകൾ

67 [5942] ശ്രീ. ടി. എൻ. പ്രതാപൻ:

,, സി. പി. മുഹമ്മദ്:

,, എം. എ. ചന്ദ്രശേഖരൻ:

ശ്രീമതി മാലേത്ത് സരളാദേവി:

,, മേഴ്സി രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പ്രധാനമന്ത്രിയുടെ സഡക് യോജന, റോസ്ഗാർ യോജന, നബാർഡിന്റെ റൂറൽ ഇൻഫ്രാസ്ട്രക്ചറർ ഡവലപ്പ്മെന്റ് ഫണ്ട് എന്നിവയിൽ നിന്നും ഈ സർക്കാർ നിലവിൽ വന്നശേഷം ലഭിച്ച തുകകൊണ്ട് എത്ര കിലോമീറ്റർ ഗ്രാമീണ റോഡുകൾ നിർമ്മിച്ചു;

(ബി) ഈ റോഡുകളുടെ മെയിന്റനൻസ് നടത്തേണ്ടത് ആരാണ്;

(സി) ഇതിന്റെ മെയിന്റനൻസ് ക്രമമായി നടക്കുന്നുണ്ടോ;

(ഡി) ഇവ ടാർ ചെയ്ത റോഡുകളാണോ;

(ഇ) ഈ റോഡുകൾ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടിക്കാൻ പര്യാപ്തമാണോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എം.ജി.എസ്.വൈ., എസ്.ജി.ആർ.വൈ., ആർ.ഐ.ഡി.എസ്. എന്നീ പദ്ധതികൾ പ്രകാരം നിർമ്മിച്ച റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു:

പദ്ധതിയുടെ പേര്	റോഡുകളുടെ നീളം (കി. മീറ്റർ)
പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജന	118.23
സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന	1463.17
നബാർഡ് (ആർ. ഐ. ഡി. എസ്.)	വിവരം ശേഖരിച്ചുവരുന്നു

(ബി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം ഗ്രാമീണ റോഡുകളുടെ സംരക്ഷണവും പുനരുദ്ധാരണവും നിർവ്വഹിക്കേണ്ടത് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളാണ്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മെയിന്റനൻസ് നടക്കുന്നുണ്ട്.

(ഡി) പി.എം.ജി.എസ്.വൈ., ആർ.ഐ.ഡി.എസ്. എന്നിവ പ്രകാരം നിർമ്മിച്ച റോഡുകൾ ടാർ ചെയ്തവയാണ്.

(ഇ) പര്യാപ്തമാണ്.

ഗ്രാമീണ തൊഴിൽദാനത്തിന് കേന്ദ്ര പദ്ധതി

68 [5943] ശ്രീ. വർക്കല കഹാർ:
,, ഡി. സുഗതൻ:
,, ലൂഡി ലൂയിസ്:
,, ഡൊമിനിക് പ്രസന്റേഷൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly